ഉയർന്ന ഉദ്യോഗസ്ഥർമാരുടെമേൽ വിജിലൻസ് കേസിന് അനുവാദം

128 (1063) ശ്രീ. കെ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ വിജിലൻസ് കേസ് എടുക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ടുള്ള വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ എത്ര അഭ്യർത്ഥനകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് ;

(ബി) ഈ അഭ്യർത്ഥനകൾ ലഭിച്ചതെന്നാണ് ;

(സി) ആരുടെയെല്ലാം മേൽ കേസ് എടുക്കുന്നതിനുള്ള അനുവാദം ആവശ്യപ്പെട്ടുള്ള ആഭ്യർത്ഥനകളാണ് ഇവയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവർക്കെതിരെ കേസെടുക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഇ) ഇവർക്കെതിരെ കേസെടുക്കുന്നതിന് അനുമതി നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണങ്ങൾ എന്തെന്നു പറയുമോ ?

ഉത്തരം

(എ-ഇ) ഉയർന്ന ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെ ഒരു വിഭാഗത്തിലുംപെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിന് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയ്ക്ക് സർക്കാരിന്റെ അനുമതി ആവശ്യമില്ല. അതിനാൽ അപ്രകാരമുള്ള അഭ്യർത്ഥനകൾ ഒന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല.

ജയിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയ മൊബൈൽ ഫോൺ

129 (1064) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽവകുപ്പ് ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ നൽകിയിട്ടുള്ളതിന്റെ മാനദണ്ഡമെന്താണ് ;

(ബി) ജയിൽ വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് ഗവൺമെന്റ് ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടുള്ളത് ;

(സി) 1-4-2000 മുതൽ 31-1-2001 വരെ ഗവൺമെന്റിൽ നിന്നും മൊബൈൽഫോൺ നൽകിയിട്ടുള്ള ഓരോ ജയിൽ ഉദ്യോഗസ്ഥനുംവേണ്ടി പ്രതിമാസം എന്തു തുക വീതം മൊബൈൽഫോൺ ചാർജ്ജിനത്തിൽ ചെലവായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഗവൺമെന്റ് ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടുള്ള ജയിൽ ഉദ്യോഗസ്ഥർക്ക് ഓഫീസിലും വീട്ടിലും സർക്കാർ ചെലവിൽ സാധാരണ ഫോൺ അനുവദിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ ഓരോ ഉദ്യോഗസ്ഥരും ഈ ഫോണുകൾക്ക് വേണ്ടി 1-4-2000 മുതൽ 31-1-2001 വരെ എന്തു തുക കാൾ ചാർജ്ജ് ഇനത്തിൽ ചെലവായിട്ടുണ്ട് ;

(എഫ്) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ജയിൽ ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന മൊബൈൽ ഫോൺ തിരിച്ചെടുക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ജയിൽ വകുപ്പിന്റെ ഭരണം വേഗതയിലും കാര്യക്ഷമമായും നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടെ ഭരണ നിർവ്വഹണവും വികസന പ്രവർത്തനവും ഔദ്യോഗിക കൃത്യനിർവ്വഹണമായി നിശ്ചയിക്കപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർക്കാണ് ഫോൺ അനുവദിച്ചിരിക്കുന്നത്.

(ബി) ജയിൽ എ.ഡി.ജി.പി., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ജയിൽ ആസ്ഥാന കാര്യാലയം), പ്രോഗ്രാം ഓഫീസർ എന്നിവർക്കാണ് മൊബൈൽ ഫോൺ നൽകിയിട്ടുള്ളത്.

(സി)

മാസം	ജയിൽ എ.ഡി.ജി.പി. രൂപ	ജയിൽ ഡി.ഐ.ജി രൂപ	പ്രോഗ്രാം ഓഫീസർ രൂപ
4/2000	4294.96	2046.87	2055.69
5/2000	7289.11	2079.21	1959.09
6/2000	5665.59	2092.86	1941.87
7/2000	5028.03	1954.09	1909.99
8/2000	3033.98	2290.79	2076.27
9/2000	4538.98	1850.76	1993.73
10/2000	5391.29	2087.88	1900.82
11/2000	3610.96	2201.02	2226.84
12/2000	3021.91	2071.67	2217.82
1/2001	8502.58	ബിൽ ലഭിച്ചിട്ടില്ല	5111.81
ആകെ രൂപ	50,377.34	18,675.15	23,399.93

(ഡി) ജയിൽ എ. ഡി. ജി. പി., ജയിൽ ഡി. ഐ. ജി. എന്നിവർക്ക് ഓഫീസിലും വീട്ടിലും പ്രോഗ്രാം ഓഫീസർക്ക് ഓഫീസിലും സർക്കാർ ഫോൺ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ)	ഓഫീസ്	വസതി
ജയിൽ എ.ഡി.ജി.പി	12669 രൂപ	28155 രൂപ
ജയിൽ ഡി. ഐ. ജി.	64103 രൂപ	7560 രൂപ
പ്രോഗ്രാം ഓഫീസർ	5298 രൂപ	—

(എഫ്) ഉദ്ദേശമില്ല

ജയിൽ വാർഡർമാരുടെ രാഷ്ട്രീയാംഗത്വം

130 (1065) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ വാർഡർമാർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിൽ അംഗത്വം ഉള്ളവരാണോ ; ഇത് സംബന്ധമായി എന്തെങ്കിലും വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പൂജപ്പുര സെൻട്രൽ ജയിലിലെ വാർഡർമാരിൽ പലരും സി.പി.എം. അംഗങ്ങളും സജീവപ്രവർത്തികരുമാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധമായി എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ ;

(ഡി) ജയിലിലെ ഉദ്യോഗസ്ഥന്മാർക്ക് രാഷ്ട്രീയ പാർട്ടികളിൽ അംഗത്വം എടുക്കുന്നതിനും പ്രവർത്തിക്കുന്നതിനും സർക്കാർ അനുവാദം കൊടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ജയിൽ വാർഡർമാർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളിൽ അംഗത്വമുള്ളവരാണോയെന്നത് സംബന്ധിച്ച് സർക്കാരിന് അറിവില്ല.

(ബി & സി) ഔദ്യോഗിക റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഇല്ല.

കൊടുങ്ങല്ലൂർ കേന്ദ്രമായി ഫയർ സ്റ്റേഷൻ

131 (1066) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ കേന്ദ്രമായിട്ടുള്ള ഫയർ സ്റ്റേഷന്റെ പ്രവർത്തനം 2000-2001 വർഷത്തിൽ തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly